# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3640 20.10.2016-ലെ മറുപടിക്ക്**

**പ്ലസ് വൺ, പ്ലസ് ടു മോഡൽ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹയർ സെക്കണ്ടറി പ്ലസ് വൺ, പ്ലസ് ടു മോഡൽ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ കഴിഞ്ഞ വർഷം വരെ അച്ചടിച്ച് നൽകിയിരുന്നത് ആരായിരുന്നു എന്ന് അറിയിക്കുമോ; | (എ) | ഹയർ സെക്കണ്ടറി പ്ലസ് വൺ, പ്ലസ് ടു മോഡൽ പരീക്ഷ ചോദ്യപേപ്പറുകളുടെ അച്ചടിയും പരീക്ഷാ നടത്തിപ്പും അതത് സ്കൂളുകളിലെ പ്രിൻസിപ്പാൾമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | കഴിഞ്ഞ വർഷം ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ഹയർ സെക്കന്ററി വകുപ്പ് ഈയിനത്തിൽ നേരിട്ട് തുക ചിലവഴിച്ചിട്ടില്ല. |
| (സി) | അദ്ധ്യാപക സംഘടനകൾ ചോദ്യപേപ്പർ അച്ചടിച്ച് നൽകുന്ന രീതി അവസാനിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുമോ; | (സി) | ഇത്തരത്തിൽ ഒരു തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | ചോദ്യപേപ്പർ അച്ചടിച്ച് നൽകുന്ന ജോലി ഇനി മുതൽ ആരെ ഏല്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള രീതി തന്നെ തുടരുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.